3978
12/10/18

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് സെന്റേജ് ചാർജ് ഒഴിവാക്കിക്കൊണ്ട് തടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വനം വന്യജീവി (ബി) വകുപ്പ്

സ.ഉ.(കൈ)നം.43/2018/വനം തീയതി, തിരുവനന്തപുരം, 08.10.2018

---

പരാമർശം :-
1. 13.06.2007 – തീയതിയിലെ സ.ഉ.(എം.എസ്) 38/07/വനം നമ്പർ സർക്കാർ ഉത്തരവ്.
2. 22.09.2014 തീയതിയിലെ സ.ഉ.(സാധാ)433/14/വനം നമ്പർ സർക്കാർ ഉത്തരവ്.
3. ശ്രീപത്മനാഭസ്വാമി ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസറുടെ 21/12/2017 തീയതിയിലെ ബി343(ആർ)/2017/എസ്.പി.എസ്.റ്റി നമ്പർ കത്ത്.
4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) - ന്റെ 27/1/2018, 18/05/2018 തീയതികളിലെ പ്രൊ(5)-58578/2017 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ കൊടിമരനിർമ്മാണത്തിനും, ക്ഷേത്രത്തിന്റെ പുനരുദ്ധാരണത്തിനുമായി ക്ഷേത്രത്തിന്റെ നിലവിലെ സാമ്പത്തികാവസ്ഥ പരിഗണിച്ച് വിലയിൽ ഇളവ് നൽകി തടി അനുവദിക്കണമെന്ന് പരാമർശം (3) പ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രം എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2) പരാമർശം 1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ആരാധനാലയങ്ങൾക്ക് തടികൾ അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ഡിപ്പോയിലെ അവസാന ആറുമാസത്തെ ലേലങ്ങളിലെ ഏറ്റവും ഉയർന്ന വിലയോ ഷെഡ്യൂൾ നിരക്കോ ഇതിൽ കൂടിയ തുക + 21% സെന്റേജ് ചാർജ് + 5% FDT+ GST എന്നിവയാണ് ഈടാക്കുന്നത്.

3) ക്ഷേത്രഭാരവാഹികൾ ആവശ്യപ്പെട്ട പ്രകാരം തടിവിലയിൽ ഇളവനുവദിക്കുന്നത് സർക്കാരിന് സാമ്പത്തിക ബാധ്യതയുണ്ടാക്കുമെങ്കിലും ടി ക്ഷേത്രത്തിന്റെ ദേശീയ പ്രാധാന്യം കൂടി കണക്കിലെടുത്ത്, സർക്കാർ ഉത്തരവിലെ മറ്റ് നിബന്ധനകൾക്ക്

വിധേയമായി സെന്റേജ് ചാർജിൽ മാത്രം ഇളവനുവദിക്കുന്നത് സംബന്ധിച്ച് പരാമർശം 2) ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം 4) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 1) ഉത്തരവ് പ്രകാരം സർക്കാർ സഹോദര വകുപ്പുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് തടി അനുവദിക്കുമ്പോൾ പരാമർശം 1) ഉത്തരവിലെ വ്യവസ്ഥ 13 (ബി) പ്രകാരം 21 % സെന്റേജ് ചാർജ്ജാണ് ഈടാക്കുന്നത്. എന്നാൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ദേശീയ പ്രാധാന്യം കണക്കിലെടുത്തും ക്ഷേത്രപുനരുദ്ധാരണത്തിന് സുപ്രീം കോടതി നിർദ്ദേശം പരിഗണിച്ചും, പരാമർശം 1) ഉത്തരവിലെ വ്യവസ്ഥ 13 (ബി) - യിൽ ഇളവ് നല്കി സെന്റേജ് ചാർജ് ഒഴിവാക്കിക്കൊണ്ടും, പരാമർശം 1) ഉത്തരവിലെ മറ്റു വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, ഒരു പ്രത്യേക കേസായി പരിഗണിച്ച്, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് തേക്ക് തടി അനുവദിക്കുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്) - ന് അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,

**വേണു. വി.**

**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് & റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഓഫീസർ, ശ്രീപത്മനാഭസ്വാമി ക്ഷേത്രം, മതിലകം ഓഫീസ്,
പടിഞ്ഞാറേക്കോട്ട, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ / ആഡിറ്റ്), കേരളം, തിരുവനന്തപുരം.

പൊതുഭരണ (എസ്. സി) വകുപ്പ് (3/10/2018 തീയതിയിലെ ഇനം നമ്പർ 2515 പ്രകാരം)

ധനകാര്യ വകുപ്പ് (അഗ്രി-എ 1/37/2018-ധന അനൗദ്യോഗിക കുറിപ്പ് പ്രകാരം)

വെബ് ആന്റ് ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 03-10-2018

ഫയൽ നം.206/ബി2/2017/വനം — ഇനം നം: 2515

82) വിഷയം : വനം വന്യജീവി വകുപ്പ് - ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്, അതിന്റെ ദേശീയ പ്രാധാന്യം കണക്കിലെടുത്തും, ക്ഷേത്ര പുനരുദ്ധാരണത്തിന് ബഹു.സുപ്രീംകോടതി നിർദ്ദേശം പരിഗണിച്ചും, 13.06.2007 തീയതിയിലെ സ.ഉ.(എം.എസ്) നം. 38/07/വനം ഉത്തരവിലെ വ്യവസ്ഥ 13(ബി)-യിൽ ഇളവ് നല്കി സെന്റേജ് ചാർജ് ഒഴിവാക്കിക്കൊണ്ടും സർക്കാർ ഉത്തരവിലെ മറ്റു വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, ഒരു പ്രത്യേക കേസായി പരിഗണിച്ചു തേക്ക് തടി അനുവദിക്കുന്നത്.

83) തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, വനം-വന്യജീവി വകുപ്പ്.

Office of the Principal Secretary Forest & Wildlife Department, Govt. of Kerala

**കേരള സർക്കാർ**
**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | 206/ബി2/2017/വനം |
| 2 | വകുപ്പ് | വനം വന്യജീവി (ബി) വകുപ്പ് |
| 3 | വിഷയം | ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്, അതിന്റെ ദേശീയ പ്രാധാന്യം കണക്കിലെടുത്തും ക്ഷേത്ര പുനരുദ്ധാരണത്തിന് ബഹു. സുപ്രീം കോടതി നിർദ്ദേശം പരിഗണിച്ചും, 13.06.2007 – തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 38/07/വനം ഉത്തരവിലെ വ്യവസ്ഥ 13 (ബി) - യിൽ ഇളവ് നല്കി സെന്റേജ് ചാർജ് ഒഴിവാക്കിക്കൊണ്ടും സർക്കാർ ഉത്തരവിലെ മറ്റു വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, ഒരു പ്രത്യേക കേസായി പരിഗണിച്ച് തേക്ക് തടി അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 27/07/18 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ;<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉണ്ട്. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | ശ്രീ. അനിൽ കുമാർ വി. എസ്. |
| 8 | കുറിപ്പ് അംഗീകരിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ഡോ. വേണു.വി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 01/09/18 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ. ടോം ജോസ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 04/09/18 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | അഡ്വ. കെ. രാജു |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25/09/18 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 01-10-2018 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ദേശീയ പ്രാധാന്യം കണക്കിലെടുത്തും പുനരുദ്ധാരണത്തിന് സുപ്രീം കോടതി നിർദ്ദേശം ഉള്ളതിനാലും, സർക്കാർ ഉത്തരവുകളിലെ നിലവിലെ മറ്റു വ്യവസ്ഥകൾ പാലിച്ചുകൊണ്ടും 13.06.2007 – തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 38/07/വനം ഉത്തരവിലെ വ്യവസ്ഥ 13 (ബി) - യിൽ ഇളവ് നല്കി, ഒരു പ്രത്യേക കേസായി പരിഗണിച്ച്, സെന്റേജ് ചാർജ് ഒഴിവാക്കിക്കൊണ്ട് തടി അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പിലെ വിഷയം.

2) 13.06.2007 തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 38/07/വനം ഉത്തരവിലെ വ്യവസ്ഥൾക്ക് വിധേയമായി ആരാധനാലയങ്ങൾക്ക് തടികൾ അനുവദിക്കുമ്പോൾ ബന്ധപ്പെട്ട ഡിപ്പോയിലെ അവസാന ആറുമാസത്തെ ലേലങ്ങളിലെ ഏറ്റവും ഉയർന്ന വിലയോ ഷെഡ്യൂൾ നിരക്കോ ഇതിൽ കൂടിയ തുക + 21% സെന്റേജ് ചാർജ് 5% FDT+ GST എന്നിവയാണ് ഈടാക്കുന്നത്.

3) ക്ഷേത്രഭാരവാഹികൾ ആവശ്യപ്പെട്ട പ്രകാരം തടിവിലയിൽ 50% ഇളവനുവദിക്കുന്നത് സർക്കാരിന് വൻ സാമ്പത്തിക ബാധ്യതയുണ്ടാക്കും, എന്നാൽ ഉയർന്ന വില കണക്കിലെടുക്കുന്ന പക്ഷം സർക്കാരിന് കാര്യമായ ബാദ്ധ്യത ഉണ്ടാകാനിടയില്ല എന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിരുന്നു. ടി ക്ഷേത്രത്തിന്റെ ദേശീയ പ്രാധാന്യം കൂടി കണക്കിലെടുത്ത് സർക്കാർ ഉത്തരവിലെ മറ്റ് നിബന്ധനകൾക്ക് വിധേയമായി സെന്റേജ് ചാർജിൽ

മാത്രം ഇളവനുവദിക്കുന്നത് സംബന്ധിച്ച് 22.09.2014 - തീയതിയിലെ സ.ഉ. (സാധാ) നമ്പർ 433/14/വനം നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തീരുമാനം കൈക്കൊള്ളുന്നതിനായി ഒരു യോഗം 21.02.2018 - ൽ വനം പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി.

4) തടിയുടെ വില വനം വകുപ്പ് നിശ്ചയിച്ച പ്രകാരം നിലനിർത്തികൊണ്ട്, സെന്റേജ് ചാർജിൽ ഇളവനുവദിക്കുന്നതിന് മുൻകാലങ്ങളിലെ കീഴ്വഴക്കം അനുസരിച്ച് ഉന്നതതല അനുമതിയോടു കൂടി തീരുമാനം കൈക്കൊള്ളാവുന്നതാണെന്നും ആയതിലേയ്ക്ക് ഫയൽ ധനകാര്യ വകുപ്പിന്റെ അനുമതിക്ക് നൽകാവുന്നതാണെന്നും തീരുമാനിച്ചു.

5) ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന് ടി ക്ഷേത്രത്തിന്റെ ദേശീയ പ്രാധാന്യം കണക്കിലെടുത്ത് കൊടിമരനിർമ്മാണത്തിന് തേക്കുമരം മന്ത്രിസഭാ യോഗതീരുമാനപ്രകാരം 13/6/2007 തീയതിയിലെ സ.ഉ (എം.എസ്) നമ്പർ 38/07/വനം ഉത്തരവിലെ വ്യവസ്ഥകളിൽ ഇളവു വരുത്തി സൗജന്യമായി അനുവദിച്ചുകൊണ്ട് 18.09.2015 തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 70/2015/വനം പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് സെന്റേജ് ചാർജിൽ ഇളവ് അനുവദിച്ച് കൊണ്ട് തടി അനുവദിക്കുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" വനം വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന തടിക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയ്ക്ക് പുറമെ അധികമായി സെന്റേജ് ചാർജ് ഈടാക്കുന്നതെന്തുകൊണ്ടെന്ന്

വ്യക്തമാക്കുവാൻ (ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം) ഭരണ വകുപ്പിനോടാവശ്യപ്പെടുന്നു. "

6) ആരാധനാലയങ്ങൾക്കും മറ്റും തെരഞ്ഞെടുക്കുന്നത് ഏറ്റവും ഉയർന്ന ഗുണനിലവാരമുള്ള തേക്കുതടിയാണ്. ഇപ്രകാരം അനുവദിക്കുന്ന തടികൾ മത്സര ലേലത്തിൽ നിന്നും ഒഴിവാക്കുന്നവയും, അതുവഴി മോഹവില ലഭിക്കുവാനുള്ള സാധ്യത ഇല്ലാതെയുമാകുന്നു. മുൻ ലേലത്തിലെ ഉയർന്ന വില മാത്രമാണ് മാനദണ്ഡമാക്കുന്നത്. ഇതിലൂടെ സർക്കാരിനു ഉണ്ടാകുന്ന നഷ്ടം ഒഴിവാക്കുന്നതിന് വേണ്ടിയാണ് വനം വകുപ്പ് സെന്റേജ് ചാർജ് ഈടാക്കി വരുന്നത് എന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിരുന്നു.

7) സ.ഉ.(എം.എസ്) നമ്പർ 38/07/വനം തീയതി 13.06.2007 പ്രകാരം സർക്കാർ സഹോദര വകുപ്പുകൾ / പൊതുമേഖലാ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് തടി അനുവദിക്കുന്നതിനുള്ള ടി ഉത്തരവിലെ വ്യവസ്ഥ 13 (ബി) പ്രകാരം 21 % സെന്റേജ് ചാർജ്ജാണ് ഈടാക്കുന്നത്. എന്നാൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ദേശീയ പ്രാധാന്യം കണക്കിലെടുത്തും പുനരുദ്ധാരണത്തിന് സുപ്രീം കോടതി നിർദ്ദേശം ഉള്ളതിനാലും, 13.06.2007 – തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 38/07/വനം ഉത്തരവിലെ വ്യവസ്ഥ 13 (ബി) - യിൽ ഇളവ് നല്കി സെന്റേജ് ചാർജ് ഒഴിവാക്കിക്കൊണ്ടും, സർക്കാർ ഉത്തരവുകളിലെ നിലവിലെ മറ്റു വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് തടി അനുവദിക്കുന്നത് സംബന്ധിച്ച് സെന്റേജ് ചാർജ് ഈടാക്കുന്നതെന്തുകൊണ്ടെന്നുള്ള മേൽ വിശദീകരണം സഹിതം ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചപ്പോൾ ആ വകുപ്പ്

താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

" സെന്റേജ് ചാർജിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച ഭരണവകുപ്പ് ശുപാർശ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ട താണെന്നറിയിക്കുന്നു. ഇതിന് ബഹു. മുഖ്യമന്ത്രിയുടെയും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെയും അംഗീകാരമുണ്ട്."

8) ധനകാര്യ വകുപ്പിന്റെ മേൽ അഭിപ്രായ പ്രകാരം ഈ വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു. മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്, അതിന്റെ ദേശീയ പ്രാധാന്യം കണക്കിലെടുത്തും ക്ഷേത്ര പുനരുദ്ധാരണത്തിന് ബഹു. സുപ്രീം കോടതി നിർദ്ദേശം പരിഗണിച്ചും, 13.06.2007 - തീയതിയിലെ സ.ഉ.(എം.എസ്) നമ്പർ 38/07/വനം ഉത്തരവിലെ വ്യവസ്ഥ 13 (ബി) - യിൽ ഇളവ് നല്കി സെന്റേജ് ചാർജ് ഒഴിവാക്കിക്കൊണ്ടും, സർക്കാർ ഉത്തരവിലെ മറ്റു വ്യവസ്ഥകൾ പാലിച്ചുകൊണ്ടും, ഒരു പ്രത്യേക കേസായി പരിഗണിച്ച്, തേക്ക് തടി അനുവദിക്കാമോ ?

GOVERNMENT OF KERALA

(Sri. Pinarayi Vijayan Ministry)

Note for the Council of Ministers

| | | |
|---|---|---|
| 1 | File No. | 206/B2/2017/F&WLD |
| 2 | Department | Forest & Wildlife (B) Department. |
| 3 | Subject | Allotment of teakwood to SreePadmanabha Swamy Temple as a special case, in view of its national importance and directions of Hon'ble Supreme Court for conducting renovation works therein, without imposing centage charges, by relaxation of condition 13 (b) of G.O(MS) No.38/07/F&WLD dated 13/6/2007 and following other conditions stipulated in Government order-reg |
| 4 | Date of Chief Minister's order for placing before the Council. | 27/07/18 |
| 5 | (i)Does the case involve financial commitments/implications<br>(ii)if the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Note for the Council? | Yes<br><br>Yes |
| 6 | Are any other departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | No |
| 7 | Name of Deputy Secretary who submitted the Draft Note | Shri. Anil Kumar V.S. |
| 8 | Name of Principal Secretary who approved the Draft Note. | Dr. Venu.V |
| 9 | Date of approval of the Draft Note for the Council by the Principal Secretary | 01/09/18 |
| 10 | Name of Chief Secretary who approved the Draft Note | Sri. Tom Jose |
| 11 | Date of approval of the Draft Note for the Council by the Chief Secretary. | 04/09/18 |
| 12 | Name of Minister who approved the Draft Note | Adv. K. Raju |
| 13 | Date of approval of the Draft Note for the Council by the Minister | 25/09/18 |
| 14 | Date of submission of fair copies | |
| 15 | Date of decision by the Council of Ministers | |
| 16 | Number and date of the G.O/letter communicating the decision. | |

## Note for the Council of Ministers

This note relates to the allotment of teakwood excluding the centage charge considering the national importance and Supreme Court direction for the renovation works of SreePadmanabha Swami Temple, as a special case, by relaxing the condition 13 (b) of GO (MS) No. 38/07/F&WLD dated 13.06.2007 by following the other existing conditions of the Government Orders.

2) When teakwood is allotted to the worship places as per the conditions stipulated in the GO (MS) No.38/07/F&WLD dated 13.06.2007, the rate is calculated on the basis of highest amount in the related timber depot for the last 6 month's auction or scheduled rate + 21% centage charge (total amount) +5%FDT+GST.

3) The Principal Chief Conservator of Forests (Forest, Land & Resources ) reported that if teakwood is allotted to 50% relaxation in the price of timber as requested by the temple authorities, it will cause huge financial liability to the Government and if the highest rate is considered, the liability will be reduced. A meeting was held on 21/02/2018 as per GO (Rt) No.433/14/F&WLD dated 22.09.2014 for taking a decision on relaxation only to the centage charge subject to the other conditions stipulated in Government orders considering the national importance of the temple.

4) In the meeting it was decided to retain the price of timber as decided by the Forest Department and to consider the relaxation of centage charge with higher level decision as the precedent; and to forward the file to Finance

Department for their remarks.

5) As per GO (MS) No.70/2015/F&WLD dated 18.09.2015 teakwood was allotted at free of cost to SreeDharma Shastha Temple, Sabarimala as a special case as per the Cabinet decision, in relaxation to the conditions of GO (MS) No.38/07/F&WLD dated 13.06.2007. In the circumstances file was forwarded to Finance Department for their remarks for allotting teakwood, in relaxation to centage charge to SreePadmanabha Swamy Temple and that department remarked as follows:

" വനം വകുപ്പിൽ നിന്നും ലഭ്യമാക്കുന്ന തടിക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള വിലയ്ക്ക് പുറമെ അധികമായി സെന്റേജ് ചാർജ് ഈടാക്കുന്നതെന്തുകൊണ്ടെന്ന് വ്യക്തമാക്കുവാൻ (ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം) ഭരണ വകുപ്പിനോടാവശ്യപ്പെടുന്നു. "

6) The Principal Chief Conservator of Forests (Forest, Land & Resources) reported that worship places and other such institutions always select good quality teakwood and such wood is exempted from competitive auction. The timber thus allotted will not get the fancy price. The highest price obtained in the previous auction is considered for the allotment of timber for worship places and other institutions. In order to avoid the loss occurred to the Government through the allotment of timber to the worship place, the Forest Department imposing centage charge.

7) As per the condition 13 (b) of GO (MS) No.38/07/F&WLD dated 13.06.2007 centage charge was imposed for the allotment of timber to the Government / Public Sector Undertakings / Worship places / Educational institutions etc. When the file was forwarded to Finance Department with the

above explanation for imposing 21% centage charge, and considering the national importance of SreePadmanabha Swami Temple and Supreme Court order for the renovation of the Temple for allotting teakwood exempting the centage charge by relaxing the condition 13 (b) of G.O (MS) No.38/07/F&WLD dated 13/6/2007. That department opined as follows:

" സെന്റേജ് ചാർജിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച ഭരണവകുപ്പ് ശുപാർശ മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്നറിയിക്കുന്നു. ഇതിന് ബഹു. മുഖ്യമന്ത്രിയുടെയും ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെയും അംഗീകാരമുണ്ട്."

8) As per the remarks of the Finance Department, Hon'ble Chief Minister ordered to place the matter before the council of ministers.

## POINT FOR DECISION

Whether, in view of its national importance and directions of Hon'ble Supreme Court for conducting renovation works therein, SreePadmanabha Swamy temple may be allotted teakwood without imposing centage charges, by relaxing condition 13 (b) of GO (MS) No.38/07/F&WLD dated 13.06.2007 and following other conditions stipulated in Government order as a special case?